# ന്യൂയോർക്ക് ഫുഡ് ഷോയിൽ നാളികേര ഉൽപന്നങ്ങൾക്ക് വൻ സ്വീകാര്യത

കൊച്ചി: അമേരിക്കയിലെ ഏറ്റവും വലിയ ഭക്ഷ്യമേളയായ 60ാമത് 'സമ്മർ ഫാൻസി ഫുഡ് ഷോ -2014' യിൽ നാളികേര വികസന ബോർഡിന്റെ പ്രാതിനിധ്യം ശ്രദ്ധേയമായി.

ജൂൺ 29ന് ന്യൂയോർക്കിലെ ജേക്കബ് ജാവിറ്റ്സ് കൺവെൻഷൻ സെന്ററിൽ ആരംഭിച്ച പ്രദർശനത്തിൽ നാളികേര വികസന ബോർഡ് ഡയറക്ടർ ടി.ഐ. മാത്യുക്കുട്ടി ബോർഡിനെ പ്രതിനിധീകരിച്ച് ഇന്ത്യൻ പവിലിയനിൽ പ്രദർശനമൊരുക്കി.

നീരയും നീരയുടെ മൂല്യവർധിത ഉൽപന്നങ്ങളായ നീര ചോക്ലേറ്റ്, നീര കുക്കീസ്, തെങ്ങിൻ ശർക്കര, ജാം, ബിസ്ക്കറ്റ് എന്നിവയും ബോർഡിന്റെ പവിലിയനിലെ ആകർഷണീയതയായി.

കേന്ദ്ര സർക്കാരിന്റെ എക്സ്പോർട്ട് പ്രമോഷൻ കൗൺസിലിന്റെയും വിവിധ വാണിജ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് 'ബ്രാൻഡ് ഇന്ത്യ' എന്ന ആശയവും പദ്ധതിയും ഇന്ത്യൻ പവിലിയനിലൂടെ അവതരിപ്പിക്കാനാണ് പ്രദർശനത്തിലൂടെ ലക്ഷ്യമിടുന്നത്.

ഇന്ത്യൻ വാണിജ്യ-വ്യവസായ വകുപ്പിനു കീഴിലെ അഗ്രിക്കൾചറൽ ആൻഡ് പ്രോസസ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി ജനറൽ മാനേജർ അലാം സിങ് റാവത്ത് ബോർഡിന്റെ പവിലിയൻ ഉദ്ഘാടനം ചെയ്തു. പ്രദർശനം ചൊവ്വാഴ്ച സമാപിക്കും.